8.	കാസർഗോഡ്-കട്ടീൽ	1 സർവ്വീസ്
9.	കാസർഗോഡ്-മാനസ	1 സർവ്വീസ്
10.	കാസർഗോഡ്-സുബ്രഹ്മണ്യ	1 സർവ്വീസ്
11.	കാസർഗോഡ്-കോഴിക്കോട്	1 സർവ്വീസ്
12.	കാസർഗോഡ്-പട്ള-മധൂർ-മൊണ്ടിത്തടുക്ക	1 സർവ്വീസ്
13.	കാസർഗോഡ്-പുത്തൂർ	1 സർവ്വീസ്
14.	കാസർഗോഡ്-പുത്തൂർ (കുമ്പള വഴി)	1 സർവ്വീസ്
15.	കാസർഗോഡ്-പുത്തൂർ-ധർമ്മസ്ഥല	1 സർവ്വീസ്
16.	കാസർഗോഡ്-കോട്ടയം	1 സർവ്വീസ്
	ആകെ	26 എണ്ണം

മാവേലിക്കരയിൽ നിന്നും ബാംഗ്ളൂരിന് എക്സ്പ്രസ് ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി

227 (4016) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കരയിൽ നിന്നും ബാംഗ്ളൂരിന് കെ.എസ്.ആർ.ടി.സി. യുടെ ഒരു എക്സ്പ്രസ് ബസ് സർവ്വീസ് ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

മാവേലിക്കരയിൽ നിന്നും നിലവിൽ തെങ്കാശിക്ക് മാത്രമേ അന്തർ സംസ്ഥാന സർവ്വീസുള്ളൂ. ഇപ്പോൾ പ്രാബല്യത്തിലുള്ള അന്തർ സംസ്ഥാന കരാറിൽ മാവേലിക്കരയിൽ നിന്നും ബാംഗ്ളൂരിലേയ്ക്ക് ഒരു എക്സ്പ്രസ് ബസ് സർവ്വീസ് ആരംഭിക്കുന്നതിന് ധാരണ ഇല്ലാത്തതിനാൽ ഈ ആവശ്യം പരിഗണിക്കാൻ കഴിയില്ല.

വടകര ഡിപ്പോയിലെ റദ്ദാക്കപ്പെടുന്ന ബസ് സർവ്വീസുകൾ

228 (4017) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കോഴിക്കോട് ജില്ലയിലെ വ്യത്യസ്ഥ ഡിപ്പോകളിലേക്ക് അനുവദിച്ച പുതിയ ബസുകൾ എത്രയെണ്ണമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly